# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3998** **18.10.2011- ൽ മറുപടിനൽകേണ്ടത്.**

## കെട്ടിക്കിടക്കുന്ന ഫയലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) ഒറ്റപ്പാലം താലൂക്കാഫീസിലും വില്ലേജ് ഓഫീസിലും കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണ്; തീർപ്പുകൽപ്പിക്കാത്തതിന് കാരണം എന്ത്; | (എ) ഒറ്റപ്പാലം താലൂക്കാഫീസിൽ 22,375-ഉം വില്ലേജ് ഓഫീസിൽ 2,820-ഉം ആയി ആകെ 25,195 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. ഭൂമിസംബന്ധമായ കേസുകളായതിനാലും മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സബ്ബ് ഓഫീസുകളിൽനിന്നും മറുപടി ലഭിക്കേണ്ടതിനാലും തീർപ്പുകൽപ്പിക്കുവാൻ താമസം നേരിടുന്നു. |
| (ബി) ഒറ്റപ്പാലം താലൂക്കാഫീസ് ആദ്യമായി ഇ-ഗവേണൻസ് നടപ്പിലാക്കിയതാണോ; വിശദമാക്കാമോ; | (ബി) അതെ. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കാഫീസിലാണ് ആദ്യമായി ഇ-ഗവേണൻസ് നടപ്പിലാക്കിയത്. |
| (സി) എത്ര ഉദ്യോഗസ്ഥന്മാരാണ് നിലവിലുള്ളത്; | (സി) 187 വില്ലേജ് സ്റ്റാഫും 59 താലൂക്ക് ഓഫീസ് സ്റ്റാഫും ഉൾപ്പെടെ ആകെ 246 ഉദ്യോഗസ്ഥരാണ് നിലവിലുള്ളത്. |
| (ഡി) ഓരോ സീറ്റിലും പെന്റിംഗ് ഫയൽ എത്ര; | (ഡി) എ സെക്ഷൻ - 274<br>ബി സെക്ഷൻ - 437<br>സി സെക്ഷൻ - 903<br>ഡി സെക്ഷൻ - 821<br>എഫ് സെക്ഷൻ - 1533<br>എച്ച് സെക്ഷൻ - 11045<br>ഐ സെക്ഷൻ - 640<br>ആർ. ആർ. - 6722 |
| (ഇ) ഏറ്റവും കൂടുതൽ കാലം ഫയലുകൾ കൈവശം വച്ച കേസുകൾ ശ്രദ്ധയിലുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥൻ ആര്; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) മണൽപാസ് വിതരണത്തിനായി ഏതെല്ലാം ഉദ്യോഗസ്ഥന്മാരെയാണ് ചുമതല ഏൽപ്പിക്കാറുള്ളത്; പ്രസ്തുത ഉദ്യോഗസ്ഥന്മാരെ ആഴ്ചതോറും മാറ്റുന്നകാര്യം പരിഗണനയിലുണ്ടോ; ഇല്ല എങ്കിൽ എന്തുകൊണ്ട്? | (എഫ്) മണൽപാസ് വിതരണത്തിനായി കൗണ്ടർ ഡ്യൂട്ടിയ്ക്ക് 1 ഡെപ്യൂട്ടി തഹസിൽദാർ, ക്ലാർക്ക്, പ്യൂൺ എന്നിവരെ നിയോഗിച്ചുവരുന്നു. ഓരോ ദിവസവും പ്രത്യേക ടീമിനെയാണ് നിയോഗിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ